മി. സ്പീക്കർ: ഓർഡർ.....ഓർഡർ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ നിയമസഭാ സമ്മേളനം തുടങ്ങിയ അന്നുമുതൽ ശബരിമലയിലെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ഞങ്ങൾ സമരത്തിലാണെന്ന് അങ്ങേയ്ക്ക് അറിയാം. ശബരിമലയിലെ സ്വർണ്ണക്കൊള്ളയെക്കുറിച്ചുള്ള അന്വേഷണം വഴിമുട്ടിനിൽക്കുന്ന, എസ്.ഐ.ടി. (സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം) നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. എല്ലാ പ്രതികളും സ്റ്റാറ്റ്യൂട്ടറി ജാമ്യമെടുത്ത് പുറത്തിറങ്ങുകയാണ്. അടുത്ത ദിവസംതന്നെ മൂന്ന് സുപ്രധാന സി.പി.ഐ.(എം) നേതാക്കളും ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയുംകൂടി ജാമ്യം കിട്ടി പുറത്തിറങ്ങാൻ പോകുകയാണ്. ശബരിമലയിലെ അയ്യപ്പന്റെ സ്വർണ്ണം കവർന്നതിന് യാതൊരു തെളിവുമില്ലാതെ, പുതിയ പ്രതികളെക്കുറിച്ചുള്ള അന്വേഷണംപോലും നടത്താതെ, നിലവിലുള്ള പ്രതികൾക്ക് പുറത്തിറങ്ങാനുള്ള അവസരം ഉണ്ടാക്കികൊടുത്തുകൊണ്ടുള്ള അപകടകരമായ നിലയിലേക്ക് എസ്.ഐ.ടി. അന്വേഷണം എത്തി നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ഓഫീസിന്റെ സമ്മർദ്ദം കൊണ്ടാണ് എസ്.ഐ.ടി. ഇങ്ങനെ ചെയ്യുന്നത്. അതുകൊണ്ട് ഞങ്ങൾ സമരം കടുപ്പിക്കാൻ തീരുമാനിച്ചു. ആ സമരം ഈ സഭയ്ക്കകത്തും തുടരാൻ തീരുമാനിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾ സഭാനടപടികളുമായി സഹകരിക്കുന്നില്ലായെന്ന് അങ്ങയെ അറിയിക്കുന്നു.

(പ്രതിപക്ഷാംഗങ്ങളൊന്നടങ്കം ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുചുറ്റും വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു).